LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 28, തിങ്കൾ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2005 ഫെബ്രുവരി മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ ചോദ്യം നമ്പർ : 230

വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ നടപടി

1[*230] ശ്രീ. കെ. അച്ചുതൻ :

" എം. എ. ചന്ദ്രശേഖരൻ :

" ടി. എൻ. പ്രതാപൻ :

" കെ. ബാബു :

" ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ ഇതുവരെ സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ പാർക്കുകൾ ഏതെല്ലാമാണ്;

(സി) ഈ വ്യവസായ പാർക്കുകളിലെല്ലാംകൂടി എത്ര വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യമുണ്ട് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): (എ, ബി) സർ, കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കിൻഫ്ര) കീഴിൽ സംസ്ഥാനത്ത് 2001 മേയ് മുതൽ ഇതുവരെ സ്ഥാപിച്ചതും നടപടികൾ ആരംഭിച്ചിട്ടുള്ളതുമായ വ്യവസായ പാർക്കുകളുടെ വിവരം † അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കിൻഫ്ര സ്ഥാപിക്കുന്ന വിവിധ വ്യവസായപാർക്കുകളിൽ കുറഞ്ഞത് 10 സെന്റ് മുതൽ ഭൂമി വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നൽകി വരുന്നു. ആയതിനാൽ എത്ര വ്യവസായ യൂണിറ്റുകൾ ഒരു പാർക്കിൽ സ്ഥാപിക്കുവാൻ കഴിയുമെന്ന് മുൻകൂട്ടി പറയുവാൻ സാധിക്കുകയില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, നെടുമ്പാശ്ശേരിയിലുള്ള ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെയൊരു വ്യവസായ പാർക്ക് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനം നെടുമ്പാശ്ശേരിയിൽ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് 144.98, 145 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : വ്യവസായ പാർക്കുകളിൽ വിദേശ നിക്ഷേപം ആകർഷിക്കുന്ന കാര്യത്തിൽ എന്തെല്ലാം ഏർപ്പാടുകളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ജിം-ന് ശേഷമാണ് നമ്മുടെ വ്യവസായ പാർക്കുകൾ വളരെ സജീവമായത്. അതിനുശേഷം നിരവധി എൻ.ആർ.ഐ ഉൾപ്പെടെയുള്ള വിദേശ നിക്ഷേപകർ നമ്മുടെ പാർക്കുകളിൽ വന്ന് വ്യവസായം തുടങ്ങിയിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : പുതിയ വ്യവസായ പാർക്കുകൾ തുടങ്ങാൻ ശ്രമങ്ങൾ നടത്തുന്ന സന്ദർഭത്തിൽ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും ശ്രമം വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടോ എന്ന് വിശദമാക്കാമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഇ.ആർ.സി.-യുടെ പ്രവർത്തനം ഗവൺമെന്റ് നിറുത്തിവച്ചിരിക്കുകയാണ്. ഒരു പൊതുമേഖലാ സ്ഥാപനവും സ്വകാര്യവത്കരിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമില്ല. ഇ.ആർ.സി.-യുടെ ശുപാർശകൾ സ്വീകരിക്കേണ്ട എന്ന് ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞു.

ശ്രീ. ടി. എൻ. പ്രതാപൻ : നമ്മുടെ വ്യവസായ പാർക്കുകൾ പോലെതന്നെ വളരെയേറെ സാധ്യതയുള്ള ഒന്നാണ് ഫുഡ് പ്രോസസിംഗ് പാർക്കുകൾ. ഇന്ന് ഇന്ത്യയ്ക്കകത്തും ഇന്ത്യക്ക് പുറത്തും കേരളത്തിന്റെ ഭക്ഷ്യ ഉല്പന്നങ്ങൾ നല്ല

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ സംസ്ക്കരിച്ചു കൊണ്ടുപോകുന്നതിന് വളരെയേറെ വ്യവസായ സാദ്ധ്യതയുണ്ട്, ഒപ്പം തൊഴിൽ സാധ്യതയുമുണ്ട്. നാട്ടിക നിയോജകമണ്ഡലത്തിൽ ഹൈടെക് പ്രോസസ്സിംഗ് പാർക്ക് തുടങ്ങുന്നതിനുവേണ്ടി കിൻഫ്രയ്ക്ക് നിർദ്ദേശം നല്കുമോ ? അതിന് എന്തെങ്കിലും മുൻ ധാരണയുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നാട്ടിക പ്രദേശം പൊതുവേ എൻ.ആർ.ഐ. വ്യവസായികൾ ധാരാളമുള്ള ഒരു സ്ഥലമാണ്. ഏതെങ്കിലും എൻ.ആർ.ഐ. വ്യവസായിയോ അതല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആരെങ്കിലുമോ ഒരു വ്യവസായം തുടങ്ങാൻ മുൻകയ്യെടുത്ത് വന്നാൽ നാട്ടിക പ്രദേശത്ത് കിൻഫ്ര ഭൂമി അക്വയർ ചെയ്ത് ഒരു ഹൈടെക് പ്രോസസ്സിംഗ് പാർക്ക് തുടങ്ങുന്നകാര്യം പരിഗണിക്കും.

ശ്രീ. വൈക്കം വിശ്വൻ : നമ്മുടെ സംസ്ഥാനത്തുള്ള വ്യവസായ പാർക്കിൽ എവിടെയെങ്കിലും റിലയൻസ് ഇന്ത്യാ കമ്പനി മുതൽമുടക്കിയിട്ടുണ്ടോ ? അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന വ്യവസായ പാർക്കുകളിലല്ലാതെ സംസ്ഥാനത്തിനകത്ത് വേറെ എവിടെയെങ്കിലും റിലയൻസ് ഇന്ത്യാ കമ്പനി മുതൽ മുടക്കിയിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : റിലയൻസ് ഇൻഡ്യാ ലിമിറ്റഡ് കിൻഫ്രയുടെ പാർക്കിൽ മൂലധന നിക്ഷേപം നടത്തിയിട്ടില്ല. അതേസമയം കഴിഞ്ഞ ജിം-ൽ അവർ വന്ന് ആയിരം കോടി രൂപയുടെ എം.ഒ.യു. സൈൻ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അവർ ടെലികോം മേഖലയിലും അതുപോലെതന്നെ പെട്രോൾ പമ്പിലും ആയിരംകോടി രൂപയുടെ നിക്ഷേപം കേരളത്തിൽ നടത്തുന്നുണ്ട്.

ശ്രീ. വൈക്കം വിശ്വൻ : കൊച്ചിയിൽ Vallarpadam Transhipment Container Plant-ഉം അതുപോലെതന്നെ Smart City-യും എൽ.എൻ.ജി.യുമൊക്കെ വന്ന സാഹചര്യത്തിൽ അതിനു തൊട്ടടുത്തു കിടക്കുന്ന പ്രദേശങ്ങളായ വടുതല, അതുപോലെ അടുത്തുകിടക്കുന്ന ദ്വീപു സമൂഹങ്ങളായ മുലമ്പള്ളി, കടമക്കുടി എന്നീ പ്രദേശങ്ങളിൽ എവിടെയെങ്കിലും പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള, പ്രത്യേകിച്ച് കൈത്തറി, കളിമൺ വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അങ്ങനെയൊരു നല്ല പ്രൊപ്പോസൽ കിട്ടിയാൽ ആലോചിക്കാവുന്നതാണ്. കൈത്തറിക്ക് ഇപ്പോൾത്തന്നെ പാർക്കുണ്ട്. കളിമൺ വ്യവസായത്തിന്റെ കാര്യത്തിൽ നമുക്ക് ആലോചിക്കാവുന്നതാണ്. മുലമ്പള്ളി പ്രദേശം അതിനു വളരെ പ്രസിദ്ധമായ സ്ഥലമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): വ്യവസായ പാർക്കുകളെ സംബന്ധിച്ച് പറഞ്ഞ കൂട്ടത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തന്നെ അടച്ചു പൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല എന്ന് എടുത്തുപറഞ്ഞത് ആശ്വാസകരം തന്നെ. പക്ഷേ ആ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള വല്ല നടപടികളും ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലയിലെ പല വ്യവസായങ്ങളും മുൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് മറന്നുകൊണ്ട് മുന്നോട്ട് പോകുവാൻ കഴിയില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ പോലെതന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയും വളരെ ശോചനീയമാണ്. ആ വക പ്രശ്നങ്ങളെ സംബന്ധിച്ചെല്ലാം ഗൗരവമായി ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുക എന്നുള്ളതു കഴിഞ്ഞിട്ടല്ലേ പാർക്കുകൾ സംബന്ധിച്ചുള്ള കാര്യങ്ങൾ ചിന്തിക്കേണ്ടത് ? അതിന് ഒരു പ്രയോറിറ്റി നൽകണം. നൂറിൽചിലവാനം പൊതുമേഖലാ സ്ഥാപനങ്ങളിൽ കോടിക്കണക്കിനു രൂപയുടെ മുതലാണ് കിടക്കുന്നത്. ഒന്നേകാൽ ലക്ഷത്തോളം തൊഴിലാളികളും ജീവനക്കാരും ഇതിൽ ബന്ധപ്പെട്ടു നില്ക്കുകയാണ്. അവരുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുന്ന ഈ സാഹചര്യത്തിൽ അടിയന്തിര സ്വഭാവത്തോടുകൂടി അതു സംബന്ധിച്ച് നടപടി എടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് : ഗവൺമെന്റ് വളരെ അടിയന്തിരമായി അക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. മന്ത്രിസഭ ഇത് സംബന്ധിച്ച് ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നാല്പത്തിയഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ഗവൺമെന്റ് പഠനം നടത്തിയത്. അതിൽ മുപ്പതു സ്ഥാപനങ്ങളുടെ റീ-സ്ട്രക്ച്ചറിംഗിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷേ ഇപ്പോൾ ഗവൺമെന്റ് ആ ഉത്തരവ് പാലിക്കുന്നില്ല. ഗവൺമെന്റ് ആ ഉത്തരവ് സ്വീകരിക്കേണ്ട എന്നു തീരുമാനിക്കുകയും holding on operation നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കാബിനറ്റ് സബ്കമ്മിറ്റി ഇതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കും.

ശ്രീ. പി. ജെ. ജോയി : വ്യവസായ പാർക്കുകൾ പുതുതായി ഉണ്ടാക്കുന്നതിനെപ്പറ്റി ഗവൺമെന്റ് വളരെ ഗൗരവമായി ചിന്തിക്കുന്നു. പല സ്ഥലത്തും അതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇവിടെ വ്യവസായ സംരംഭത്തിനു തുടക്കം കുറിക്കുന്ന ഒരു ബൃഹത് പദ്ധതിയായി ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കേരളത്തിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും നിയോജകമണ്ഡലാടിസ്ഥാനത്തിൽത്തന്നെ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിച്ചു. അതെല്ലാം ഇന്ന് തകർന്ന നിലയിലാണെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അത് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും നന്നായി പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണമായി കീഴ്മാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നല്ല വ്യവസായങ്ങളുണ്ട്. അവ നന്നായി പ്രവർത്തിക്കുന്നുണ്ട്. ചില മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം മോശമാണ്. സ്ഥലവും കെട്ടിടവും ഉപേക്ഷിച്ചുപോയ പല വ്യവസായികളുമുണ്ട്. അവ ദസ്യൂം ചെയ്ത് പുതിയ വ്യവസായികൾക്ക് കൊടുക്കും. ആ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം ജില്ലാ വ്യവസായ കേന്ദ്രത്തെക്കൊണ്ട് അവലോകനം ചെയ്യിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വ്യവസായ വളർച്ചയ്ക്കുവേണ്ടി കേരളം ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായിരുന്നു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ എന്ന പേരിൽ നടപ്പാക്കുവാനും തീരുമാനിച്ചു. . കേരളത്തിൽ വ്യവസായ വളർച്ചയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പെരുവാമ്പേരിയിൽ രണ്ടായിരം ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് വ്യവസായ വളർച്ചാ കേന്ദ്രം സ്ഥാപിക്കുവാനായിരുന്നു തീരുമാനം. ഇപ്പോൾ 250 ഏക്കർ മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ. ബാക്കി ഭൂമികൂടി ഏറ്റെടുത്തുകൊണ്ട് ഒരു വ്യവസായ വളർച്ചാ കേന്ദ്രം എന്നുള്ള രൂപത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന്റെ ഒരു കൺസെപ്റ്റ് വന്നപ്പോൾ മിനിമം ആയിരം ഏക്കർ എന്ന കൺസെപ്റ്റായിരുന്നു ഉണ്ടായിരുന്നത്. കേരളത്തിൽ ആയിരം ഏക്കർ കിട്ടാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് നാലു കേന്ദ്രങ്ങളിലായിട്ടാണ് അന്ന് ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ തുടങ്ങിയത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ചേർത്തല എന്നിങ്ങനെ നാലായി വിഭജിക്കുകയാണുണ്ടായത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : എന്റെ നിയോജക മണ്ഡലത്തിലെ കൊരട്ടിയിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിൽനിന്ന് മുപ്പത് ഏക്കർ ഭൂമി വാങ്ങിച്ചുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ഒരു മിനി ഇൻഡസ്ട്രിയൽ പാർക്കിന് തുടക്കം കുറിച്ചതിന് ഗവൺമെന്റിനോട് നന്ദിയുണ്ട്. പ്രഖ്യാപനം വന്നയുടൻതന്നെ ധാരാളം എന്റർപ്രണേഴ്സ് ഭൂമി കിട്ടുവാൻ വേണ്ടി പലരും പറഞ്ഞു. ഇപ്പോൾ ഒരിഞ്ചു ഭൂമിപോലും അവിടെ കൊടുക്കുവാനില്ല. നൂറ് ഏക്കറാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ അധീനതയിലുള്ളത്. ആ നിലയ്ക്ക് ഇതേ സ്റ്റൈലിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്ന് മറ്റൊരു മുപ്പത് ഏക്കർ കൂടി വിലയ്ക്കു വാങ്ങി ഈ മിനി ഇൻഡസ്ട്രിയൽ പാർക്ക് കൂടുതൽ വിപുലീകരിക്കുവാനുള്ള ശ്രമം ദയവായി നടത്തുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഇൻഡസ്ട്രിയൽ പാർക്കിൽ നല്ല ഡിമാന്റാണുള്ളത്. പ്രത്യേകിച്ച് ആയുർവേദം ബേസ് ചെയ്തിട്ടുള്ള ഇൻഡസ്ട്രികളും മറ്റും ധാരാളം വന്നുചേർന്നിട്ടുണ്ട്. അതു പരിഗണിച്ച് സെക്കന്റ് ഫേസ് ഡെവലപ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. കൂടുതൽ സ്ഥലമെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ രാധാകൃഷ്ണൻ: ഇവിടെ വ്യവസായ പാർക്കുകളെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. . കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് നിയോജകമണ്ഡലം അടിസ്ഥാനമാക്കിക്കൊണ്ട് സ്ഥലം സൗജന്യമായി വിട്ടുതരികയാണെങ്കിൽ മിനി ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാം എന്നുപറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്റെ മണ്ഡലത്തിൽ, പഴയന്നൂരിൽ ഏകദേശം 5 ഏക്കറിലധികം സ്ഥലം മിനി ഇൻഡസ്ട്രിയൽ പാർക്കിന്വേണ്ടി വ്യവസായ വകുപ്പിന് കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും അതിന്റെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. അഗ്രോ ബേയ്സ്ഡ് ഇൻഡസ്ട്രീസ് ആരംഭിക്കാൻ

ഏറ്റവും അനുയോജ്യമായിട്ടുള്ള സ്ഥലമാണ്. പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ അഗ്രോ ബേയ്സഡ് ആയിട്ടുള്ള മിനി ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാനും, അത് ഈ ചേലക്കരയ്ക്കടുത്ത് അല്ലെങ്കിൽ പഴയന്നൂരിൽ എടുത്തിരിക്കുന്ന സ്ഥലത്ത് ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 140 നിയോജക മണ്ഡലങ്ങളിലും വ്യവസായപാർക്ക് തുടങ്ങുന്ന ഒരു പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടിയിലെ മൂടാടി, ചേലക്കര, കോട്ടയത്ത് തിരുവാർപ്പ് എന്നീ സ്ഥലങ്ങളിലാണ് പഞ്ചായത്തുകൾ ഭൂമി വിട്ടുതന്നത്. പക്ഷേ ആ പ്രദേശങ്ങളിലെ ഡവലപ്പ്മെന്റിനും, ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ് ചെയ്യുന്നതിനും തടസ്സങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതാണ് അതിന്റെ പ്രത്യേകത. നിക്ഷേപകർ വരാനും ബുദ്ധിമുട്ടായിരുന്നു. നിക്ഷേപകർ ഉണ്ടെങ്കിൽ അതൊരു വ്യവസായ പാർക്കായി ഡെവലപ്പ് ചെയ്യാവുന്നതാണ്. വ്യവസായികൾ, നിക്ഷേപകർ ഉണ്ടെങ്കിൽ ഓരോ നിയോജകമണ്ഡലത്തിലും അത്യാവശ്യമായി വന്നാൽ വ്യവസായ പാർക്കുകൾ തുടങ്ങാൻ ഗവണ്മെന്റ് സന്നദ്ധമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പുതിയ ആളുകൾക്ക് ജോലി കൊടുക്കുക എന്ന സങ്കൽപ്പത്തോടൊപ്പംതന്നെ ജോലി നഷ്ടപ്പെടുന്ന തൊഴിലാളികളെക്കൂടി കണ്ടുകൊണ്ട് ഈ വ്യവസായങ്ങൾ തുടങ്ങണം എന്നുള്ളതാണ് അടിസ്ഥാനപരമായ സമീപനം. അങ്ങനെയാണെങ്കിൽ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകൾ പൂർണ്ണമായും തകർച്ചയിലേയ്ക്ക് നിങ്ങുന്ന സാഹചര്യത്തിൽ ആലപ്പുഴ, കൊല്ലം, കണ്ണൂർ തുടങ്ങി ഏതു ജില്ലയിലായാലും ഈ കാര്യത്തിൽ ഒരു ഹിഹ്റ്റി-ഹിഹ്റ്റി എന്നുള്ള നിലയിലെങ്കിലും തുടങ്ങണം. കശുവണ്ടി വ്യവസായവും, പ്രത്യേകിച്ച് കശുവണ്ടി ഇപ്പോൾ പിടിച്ചുനിൽക്കുന്നുണ്ട്. വളരെക്കാലം പിടിച്ചുനിൽക്കുമോ എന്നറിയില്ല. കയർ-കൈത്തറി മേഖലകൾ, തകർന്നടിഞ്ഞ ഈ മേഖലകളുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന ഈ തൊഴിലാളികൾക്ക് ജോലി കൊടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി ഈ പദ്ധതികൾ, കിൻഫ്രയുടേയോ, മറ്റ് ഏതെങ്കിലും ഏജൻസികളുടേയോ സഹായത്തോടുകൂടി ഉണ്ടാക്കി അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കയറിന് ഇപ്പോൾ ഒരു ബൂമിംഗ് ഉണ്ടായിട്ടുണ്ട് എന്നുള്ളകാര്യത്തിൽ ഒരു തർക്കവുമില്ല. കൈത്തറിക്ക് കണ്ണൂരിൽ ഒരു പാർക്ക് തുടങ്ങിയിട്ടുണ്ട്. കൂടുതൽ വ്യവസായങ്ങൾ അവിടെ വരും. അപ്പോൾ തൊഴിൽ സാദ്ധ്യത കിട്ടുമെന്നുള്ളതിന് ഒരു തർക്കവുമില്ല.

ശ്രീ. സാജു പോൾ: കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്ക് കേന്ദ്രഗവണ്മെന്റ് നൽകുന്ന സബ്സിഡി പലപ്പോഴും ലഭിക്കാറില്ല. പെരുമ്പാവൂർ, അങ്കമാലി മേഖലകളിലായി നിരവധി റൈസ് മില്ലുകളുടക്കം നിലവിലുണ്ട്. അവിടെ കുറെ ഭക്ഷ്യ സംസ്കരണ പാർക്കുകളാരംഭിച്ചിട്ടുണ്ട്. അവിടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ ഇന്ന് വളരെ കടുത്തതാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസഹായം വഭ്യമാക്കുന്നതിനും ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുളള നിബന്ധനകൾ ലഘൂകരിക്കുന്നതിനുമുളള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കേന്ദ്ര സബ്സിഡി കൊടുക്കാനുളള നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് കേന്ദ്രഗവണ്മെന്റ് അംഗീകരിച്ചിട്ടുളളത്. കേന്ദ്രഗവണ്മെന്റിന്റെ ഗൈഡ്ലൈൻ അനുസരിച്ച് കിൻഫ്ര വളരെ ന്യായമായി ആപ്ളിക്കേഷൻസ് പ്രോസസ്സ് ചെയ്തു. പലപ്പോഴും വ്യവസായികൾ ഫുഡ് പ്രോസ്സസിംഗ് യൂണിറ്റുകൾ തുടങ്ങുമ്പോൾ അതിന്റെ കൃത്യമായ നടപടിക്രമങ്ങൾ സ്വീകരിക്കാറില്ല. നടപടികളെക്കുറിച്ച് ഗവണ്മെന്റിനേയോ, കിൻഫ്രയെയോ അറിയിക്കാറില്ല. അത്യാവശ്യം വേണ്ട പേപ്പറുകൾ വാങ്ങാനും അവർ തയ്യാറല്ല. അതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടാണ്. അത് ശ്രദ്ധിച്ചുചെയ്താൽ എല്ലാ വ്യവസായങ്ങൾക്കും കേന്ദ്ര സബ്സിഡി കിട്ടും.

ശ്രീ. ഇസഹാക്ക് കുരിക്കൾ : വ്യവസായ പാർക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് സംസ്ഥാനത്ത് വരുന്ന ചെറുകിട വ്യവസായികൾക്കും, വൻകിട വ്യവസായികൾക്കും സർക്കാരിന്റെ സഹായങ്ങൾ എത്രയുംപെട്ടെന്ന് നൽകുക എന്നുള്ളതാണ്. എസ്. എസ്. ഐ. രജിസ്ട്രേഷനും, അതുപോലെത്തന്നെ സബ്സിഡിയും ഈ സർക്കാർ വന്നതിനുശേഷം കൊടുക്കാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : എസ്.എസ്.ഐ. രജിസ്ട്രേഷൻ വളരെ പെട്ടെന്നുതന്നെ സ്പോട്ടിൽ കൊടുക്കാനുളള നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. മിക്കവാറും ജില്ലകളിൽ സബ്സിഡി അപ്ഡേറ്റാണ്. കുടിശ്ശികയില്ല.

ശ്രീ. പി. എസ്. സുപാൽ : ഈ സർക്കാരിന്റെ തുടക്ക സമയത്ത് പുനലൂർ പേപ്പർ മിൽ തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. മാനേജുമെന്റിന് ഒരുപാട് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണ് ധാരണയുണ്ടായത്. പക്ഷേ മാനേജുമെന്റ് ആനുകൂല്യങ്ങൾ നേടിയതിനുശേഷം പേപ്പർ മിൽ തുറക്കുന്നതിനുളള നടപടികൾ സ്വീകരിക്കുന്നില്ല. അത് തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ? അതുപോലെതന്നെ പുനലൂർ പ്ളൈവുഡ് ഫാക്ടറിയിൽ വി.ആർ.എസ്. നടപ്പാക്കി അവിടത്തെ തൊഴിലാളികളെ പിരിച്ചുവിട്ടു. പക്ഷേ അവർക്ക് ആനുകൂല്യം പൂർണ്ണമായും കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റ് അടിയന്തിരമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പുനലൂർ പ്ളൈവുഡിൽ വി. ആർ. എസ്.-ന് അപേക്ഷിച്ച എല്ലാ തൊഴിലാളികൾക്കും കൊടുക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കും. പുനലൂർ പേപ്പർ മില്ലിന്റെ കാര്യം ആലോചിക്കാവുന്നതാണ്. ഒരു പ്രത്യേക മീറ്റിംഗ് വിളിക്കുന്ന കാര്യവും ആലോചിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ : വ്യവസായ പാർക്കുകൾ കഴിയുന്നത്ര സ്ഥലങ്ങളിൽ ആരംഭിക്കുമെന്ന് മന്ത്രി പറയുകയുണ്ടായി. അങ്ങേയ്ക്ക് അറിയാവുന്ന ഒരു കാര്യമാണ്. മൂവാറ്റുപുഴ, പ്രത്യേകിച്ച് വാഴക്കുളം പൈനാപ്പിളിന്റെ പറുദീസ എന്നറിയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലമാണ്. 100 കണക്കിന് ലോഡ് പൈനാപ്പിൾ ദിനംപ്രതി കയറ്റിപോകുന്നു. പൈനാപ്പിൾ സംസ്ക്കരണത്തിനുവേണ്ടി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് അവിടെ പ്രവർത്തിക്കുന്നു. അവിടെ ഉല്പാദിപ്പിക്കുന്ന പൈനാപ്പിളിന്റെ ഒരു ശതമാനം പോലും അവിടെ സംസ്ക്കരിക്കാൻ കഴിയുന്നില്ല. ഈ സാഹചര്യം കണക്കിലെടുത്ത് ആ മേഖലയിൽ മൂവാറ്റുപുഴയോ വാഴക്കുളമോ കേന്ദ്രമാക്കി ഒരു വലിയ വ്യവസായ പാർക്ക് ഫുഡ് പ്രോസ്സസ്സിംഗ് പാർക്കായി രൂപീകരിക്കാൻ വേണ്ട നിർദ്ദേശം കിൻഫ്രയ്ക്ക് കൊടുത്തുകൊണ്ട് ആ വിധത്തിലുള്ള നടപടിയിലേയ്ക്ക് നീങ്ങുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വാഴക്കുളം പൈനാപ്പിളിന്റെ ഒരു കേന്ദ്രമാണ്. നല്ല വ്യവസായികൾ രംഗത്തുവരികയാണെങ്കിൽ അവിടെ നല്ല ഒരു പൈനാപ്പിൾ പ്രോസ്സസിംഗ് യൂണിറ്റ് വിപുലമായ രീതിയിൽ മോഡേൺ ടെക്നോളജി ഉപയോഗിച്ച് നടത്താനും ഏതെങ്കിലും വ്യവസായികൾ മുന്പോട്ട് വരികയാണെങ്കിൽ അവിടെയൊരു ഫുഡ് പ്രോസ്സസിംഗ് പാർക്കിന്റെ കാര്യവും ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : തകർന്നുകൊണ്ടിരിക്കുന്ന പരന്പരാഗത വ്യവസായ മേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി. കൈത്തറി തൊഴിലാളികൾ കാർഷികമേഖലയിലെ പാവപ്പെട്ട ജനങ്ങളെപ്പോലെ ആത്മഹത്യാമുനന്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടി, ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കൈത്തറി പാർക്ക് കണ്ണൂർ ജില്ലയിൽ ആരംഭിച്ചുവെന്ന്. അതിനാവശ്യമായ ഭൂമി ഇപ്പോൾ ലഭിച്ചു കഴിഞ്ഞിട്ടില്ല. അടിയന്തിരമായി 39 കോടിയോളം രൂപ കേന്ദ്രഗവണ്മെന്റ് സഹായത്തോടുകൂടിയും, സംസ്ഥാനത്തിന്റെ പങ്കോടുകൂടിയും വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണെന്ന് കണക്കിലെടുത്തുകൊണ്ട് ഉല്പാദനക്ഷമത കൈത്തറി മേഖലയിൽ വർദ്ധിപ്പിക്കാനും, വൈവിദ്ധ്യത്തോടുകൂടി ലോക മാർക്കറ്റിലേക്ക് കടന്നുചെല്ലാനും സാധിക്കുന്ന ഒരു പശ്ചാത്തലം ഒരുങ്ങിയിരിക്കുന്ന സാഹചര്യത്തിൽ അതിനാവശ്യമായ പ്രവർത്തനത്തിൽ ഗവണ്മെന്റ് വളരെ പെട്ടെന്ന് ഇടപെട്ട് അതിന്റെ ഉദ്ഘാടനം നടത്താൻ ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കണ്ണൂർ കൈത്തറി പാർക്കിന്റെ ഉദ്ഘാടനം പെട്ടെന്ന് നടത്താനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. മാത്രമല്ല, പുതിയ സാങ്കേതിക വിദ്യകൾ അവിടെ നടപ്പാക്കാനുള്ള ശ്രമങ്ങളുമുണ്ട്. അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൈത്തറി ഡയറക്ടറേറ്റ് അതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ഉമേഷ് ചള്ളിയിൽ : ഒരു വ്യവസായം ആരംഭിക്കാനുള്ള അനുകൂലമായ കാലാവസ്ഥയൊന്നും കേരളത്തിലില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1998-ൽ എം.ഒ.യു. സൈൻ ചെയ്യുകയും, 2000-ൽ ബി.ഒ.ടി.സൈൻ ചെയ്യുകയും ചെയ്ത Clinkering Unit എന്റെ മണ്ഡലത്തിൽ ആരംഭിക്കേണ്ടതായിരുന്നു. യു. ഡി. എഫ്. ഭരണകാലത്ത് നിർമ്മാണം ആരംഭിക്കാൻ പോയപ്പോൾ ഈ വ്യവസായത്തെ ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അതിനെ എതിർക്കുന്ന നടപടിയാണുണ്ടായത്. വ്യവസായം തുടങ്ങാനുള്ള ഒരു അനുകൂലമായ കാലാവസ്ഥയുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? ഒരു വ്യവസായം പോലുമില്ലാത്ത കൊടുങ്ങല്ലൂരിൽ തുറമുഖവും Clinkering Unit-ഉം ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: വാസ്തവത്തിൽ ആ ക്ലിങ്കർ യൂണിറ്റ് ചേർത്തലയിലെ ക്ലിങ്കർ യൂണിറ്റിനോടൊപ്പം തന്നെ പ്രഖ്യാപിക്കപ്പെട്ട ഒരു യൂണിറ്റാണ്. സഹകാര്യ മേഖലയിലാണെന്നാണ് എനിക്ക് മനസ്സിലായത്. പക്ഷേ പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ ഉണ്ടായ എതിർപ്പുമൂലമാണ് കൊടുങ്ങല്ലൂരിൽ ക്ലിങ്കർ യൂണിറ്റ് ആരംഭിക്കാൻ സാധിക്കാതെ വന്നത്. ചേർത്തലയിൽ തുടങ്ങാൻ സാധിക്കുകയും ചെയ്തു. അവിടുത്തെ ജനങ്ങളുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുണ്ടായി. ഇനിയും അതിനുള്ള സാധ്യതകളുണ്ട്. ഗവൺമെന്റ് ഇനിയും മുൻകൈയെടുക്കും.

ശ്രീ. എം. വി. ജയരാജൻ: സംസ്ഥാനത്ത് 31-3-2004 വരെ 2.75 ലക്ഷം ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിലൂടെ 12,37,000 ആളുകൾക്ക് ജോലി കിട്ടുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ ഗൗരവമായ കാര്യം 57 ശതമാനം യൂണിറ്റുകളും 48 ശതമാനം ആളുകൾക്കുള്ള തൊഴിലവസരങ്ങളും ഈ യൂണിറ്റുകൾ അടച്ചു പൂട്ടിയതിനെത്തുടർന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങളെല്ലാം അടച്ചു പൂട്ടിക്കൊണ്ടിരിക്കുന്നു, തൊഴിലുള്ളവർകൂടി തൊഴിൽരഹിതരായി മാറുന്നു എന്നുള്ള ഭീതിജനകമായ വസ്തുത കണക്കിലെടുത്ത് ഇത്തരം യൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണം എന്താണെന്ന് പരിശോധിച്ച് മാർക്കറ്റിംഗിന്റെ കാര്യത്തിൽ ചെറുകിട യൂണിറ്റുകളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും വേണ്ടിയുള്ള ഒരു മാർക്കറ്റിംഗ് നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയിൽ ഈ പ്രശ്നം ഉന്നയിക്കുകയും അത് പഠിക്കാൻ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടൈം ബൗണ്ടായി ഇതിന്റെ റിപ്പോർട്ട് വാങ്ങി ഇതിൽ നടപടി സ്വീകരിക്കും. മാർക്കറ്റിംഗിനെ സംബന്ധിച്ച് ചെറുകിട വ്യവസായങ്ങളെ ത്വരിതപ്പെടുത്തുന്നതിനാണ് ക്ലസ്റ്റർ രീതി സ്വീകരിച്ചിട്ടുള്ളത്. അൻപതിൽപരം ക്ലസ്റ്റർ ചെറുകിട രംഗത്ത് രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ടി. തോമസ്: ഇൻഡ്യയിൽ ഉൽപാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ 99 ശതമാനവും കേരളത്തിലാണ് ഉൽപാദിപ്പിക്കുന്നത്. എന്നാൽ റബ്ബറധിഷ്ടിത വ്യവസായങ്ങൾപോലും നമ്മുടെ കേരളത്തിൽ ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. റബ്ബർ എല്ലാം കൊണ്ടു പോയി കേരളത്തിന് വെളിയിലാണ് പ്രോസസ് ചെയ്യുന്നത്. യഥാർത്ഥത്തിൽ കേരളത്തെ രക്ഷിക്കാനുള്ള ഏറ്റവും വലിയ മാർഗങ്ങളിലൊന്ന് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ 50 ശതമാനത്തിൽ കൂടുതൽ എങ്കിലും കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുകയെന്നുള്ളതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപാദിപ്പിക്കുന്ന താലൂക്കുകളിൽ മുൻഗണനയുള്ളത് തൊടുപുഴയാണ്. ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കുമോ? ഇതു സംബന്ധിച്ച് ഒരു ആലോചന നടത്തുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. നമ്മുടെ റബ്ബർ പുറത്ത് കൊണ്ടുപോയി വാല്യൂ അഡിഷനാക്കി ഇവിടെ കൊണ്ടുവന്ന് വിൽക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇത് പരിഗണിച്ചാണ് ഗവൺമെന്റ് സംയുക്തമേഖലയിൽ ഒരു റബ്ബർ പാർക്ക് തന്നെ തുടങ്ങിയത്. എങ്കിലും പുതിയ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ അവിടേയും വരുന്നില്ലെന്നുള്ള സ്ഥിതിവിശേഷമാണ്. ഇവിടെ മാക്സിമം റബ്ബറധിഷ്ടിത വ്യവസായങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: വ്യവസായമെന്നാൽ കിൻഫ്രയെക്കുറിച്ച് മാത്രമാണ് പറയുന്നത് സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ-സിഡ്കോ. അതിനെ പാടെ മറന്നിരിക്കുന്നു. ഈ സഭയിൽ വന്നിരിക്കുന്ന ആശങ്ക ഈ പ്രശ്നമാണ്. ഇവിടെ കൊടുക്കുന്ന ടാക്സ് എക്സംപ്ഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സിഡ്കോയുടെ വ്യവസായ പാർക്കുകൾക്കടക്കം കൊടുക്കണം. അതുപോലെ മാർക്കറ്റിംഗും വിപുലപ്പെടുത്തണം. ഇതിനെല്ലാം അടിയന്തിരമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്: സിഡ്കോ വ്യവസായ പാർക്ക് പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ട്. അവിടുത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പല രീതിയിലുള്ള പരാതികളുണ്ട്. അവിടുത്തെ വ്യവസായികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. ഒന്ന് അവർക്ക് പട്ടയം കൊടുക്കുക എന്നുള്ളതാണ് പ്രധാന പ്രശ്നം. പട്ടയം കൊടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് 99 വർഷത്തേക്ക് ലീസിന് കൊടുക്കാൻ സാധിക്കുമോ എന്ന് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശങ്കരൻ: 2001 മേയ് മാസം മുതൽ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട വ്യവസായ പാർക്കുകൾ മുഖേന എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: 2574 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ.സി. മോയീൻ കുട്ടി: ഇത്രയും സാമ്പത്തിക പ്രതിസന്ധി ഗൗരവമായിട്ടുള്ള സംസ്ഥാനത്ത് അഞ്ച് വർഷം മുൻപ് ദേശീയ പാതയോട് ചേർന്ന് 21 ഏക്കർ സ്ഥലം ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപയ്ക്ക് നമ്മുടെ വ്യവസായ വകുപ്പ് ഗ്രോത്ത് സെന്ററിന് വേണ്ടി വിലക്ക് വാങ്ങുകയുണ്ടായി. ഇത് ചില പഞ്ചായത്തിന് ലഭിക്കുകയും ചെയ്തിരുന്നു. പക്ഷെ നാളിതുവരെ ഇത് സംബന്ധിച്ച് ഒരു പ്രവർത്തനവും നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ ഒന്നുകിൽ സമയബന്ധിതമായി ജില്ലാ പഞ്ചായത്ത് ഇത് ഏറ്റെടുത്ത് പ്രവർത്തി ആരംഭിക്കുകയോ അല്ലെങ്കിൽ നിർദ്ദേശം കൊടുക്കുകയോ അതല്ലെങ്കിൽ വകുപ്പ് തിരിച്ച് ഇത് ഏറ്റെടുത്ത് ഫലപ്രദമായി എന്ത് ചെയ്യാൻ സാധിക്കുമെന്ന് പഠിക്കുകയോ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ജില്ലാ പഞ്ചായത്തുകൾക്ക് ഒരിക്കൽകൂടി അവസരം കൊടുത്തിട്ട് സാധിച്ചില്ലെങ്കിൽ ഇത് ഗവൺമെന്റ് തന്നെ ഏറ്റെടുത്ത് ഇതിന്റെ നടപടികളുമായി മുന്നോട്ട് പോകും.

ശ്രീ. വി. കെ. സി. മമ്മത് കോയ: ഭക്ഷ്യ സംസ്ക്കരണ വ്യവസായ കേന്ദ്രം ഒന്നുകൂടി തുറക്കുന്നതിനുവേണ്ടി കിൻഫ്രാ ഭൂമി അക്വയർ ചെയ്യാനുള്ള നടപടി തുടങ്ങിയതായിട്ട് അറിയാൻ സാധിച്ചു. ഇപ്പോൾ കാക്കാഞ്ചേരി കിൻഫ്രാ പാർക്ക് ഭക്ഷ്യ സംസ്കരണത്തിന് വേണ്ടിയാണ് തയ്യാറാക്കിയത്. പക്ഷെ അവിടെ കേരളത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും കാർഷിക വിളയെ ആസ്പദമാക്കി ഇതുവരെ ഒരു വ്യവസായവും വന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തിൽ ഉണ്ടാകുന്ന കാർഷിക വിളകളുടെ അടിസ്ഥാനത്തിൽ അവിടെ വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ? അങ്ങനെ വ്യവസായങ്ങൾ കൊണ്ടുവരാൻ സാധിക്കാത്തതിന് കാരണം എന്താണെന്നുള്ളത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കാക്കാഞ്ചേരി പാർക്കിന് ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും ഉള്ളത് ശുദ്ധജലം ലഭിക്കാനുള്ള ബുദ്ധിമുട്ടായിരുന്നു. അവിടെ പോണ്ട് നിർമ്മിച്ചു. 0.5 എം.എൽ.ടി. വെള്ളമാണ് അവിടെ കിട്ടിയിരുന്നത്. 3 എം.എൽ.ടി. വെള്ളം കൂടി കിട്ടിയാൽ മാത്രമേ അവിടത്തെ പ്രവർത്തനം സജീവമാകുകയുള്ളൂ. അതിനും ചാലിയാറിൽനിന്ന് വെള്ളം കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച ടെന്റർ വിളിച്ചുകഴിഞ്ഞു. പത്ത് മാസത്തിനകം ഇതിനുള്ള നടപടികൾ സ്വീകരിക്കും. ശുദ്ധജലം കിട്ടിക്കഴിഞ്ഞാൽ പാർക്ക് ഹ്ളറിഷ് ചെയ്യാമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: കോട്ടയം ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഇന്നുവരെ വ്യവസായ പാർക്ക് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തന്നെ എന്റെ നിയോജകമണ്ഡലത്തിൽ ഒരു യോഗത്തിൽ പങ്കെടുത്തപ്പോൾ കോട്ടയം ജില്ലയിൽ കിൻഫ്രാ പാർക്ക് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവസാനത്തെ ബഡ്ജറ്റ് സ്പീച്ചിലും കിടങ്ങൂരിലെ പെമ്പ്ളാവിൽ വ്യവസായ പാർക്ക് കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. അവിടുത്തെ ആളുകൾ ഇത് പ്രതീക്ഷിച്ചിരിക്കുകയാണ്. ആവശ്യമുള്ള സ്ഥലം ലഭ്യമാക്കാൻ ഞങ്ങൾ തയ്യാറാണ്. ഇതിന് ആവശ്യമായ നടപടി എത്രയും വേഗം അങ്ങ് സ്വീകരിക്കുമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: ബഹുമാനപ്പെട്ട അംഗം ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള നിവേദനം പ്രത്യേകം പരിഗണിച്ച് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനും സ്ഥലനിർണ്ണയം നടത്തുന്നതിനുമുള്ള തത്വങ്ങൾ എന്താണ്? അതോടൊപ്പം തന്നെ യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ നെടുമങ്ങാട്, വേളി

തുടങ്ങിയ സ്ഥലങ്ങളിൽ നൂറു കണക്കിന് ഏക്കർ സ്ഥലം ഏടുക്കുകയും തൊഴിൽ രഹിതരായ ആളുകൾക്ക് വലിയ പ്രതീക്ഷ ജനിപ്പിക്കുകയും ചെയ്ത സംഭവം ഉണ്ട്. വളരെ വർഷങ്ങൾക്ക് ശേഷവും അവിടങ്ങളിൽ ഒന്നും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വേളിയിൽ പോയാൽ അഞ്ചോ ആറോ വാഴക്കുലകൾ വച്ചിട്ടുള്ള സ്ഥലം കാണാം. നെടുമങ്ങാട് നൂറു കണക്കിന് ഏക്കർ സ്ഥലത്ത് ഒന്നും ഉണ്ടായിട്ടില്ല. ഈ സ്ഥലങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തി കൃഷി അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ പാർക്കുകളൊന്നും വ്യവസായ വകുപ്പിൽ വരുന്നതല്ല. അത് കൃഷി വകുപ്പിലാണ് വരുന്നത്. കൃഷി വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്.

<u>ശ്രീ. എം. എ. വാഹീദ്:</u> സംസ്ഥാനത്തെ ആദ്യത്തെ കിൻഫ്രാ പാർക്കുകളിൽ ഒന്നാണ് കഴക്കൂട്ടത്ത് മേനംകുളത്തുള്ള അപ്പാരൽ പാർക്ക്. ആയിരക്കണക്കിന് പെൺകുട്ടികൾ പണിയെടുക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനം കേരളത്തിന്റെ അഭിമാനകരമായ വലിയ സ്ഥാപനമാണ്. ഇത് രാഷ്ട്രത്തിന് സമർപ്പിക്കുന്ന ചടങ്ങ് നടത്തുവാൻ സർക്കാർ തയ്യാറാകുമോ? തയ്യാറാകുമെങ്കിൽ എപ്പോൾ നടത്തുമെന്ന് പറയാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> ഈ നിർദ്ദേശം സജീവമായ പരിഗണനയിൽ ഉണ്ട്. ബഹുമാന്യരായ ഇൻഡ്യൻ പ്രസിഡന്റിനെയോ, പ്രധാനമന്ത്രിയേയോ ലഭിക്കുന്ന മുറയ്ക്ക്, അവരുടെ സൗകര്യവും കൂടി പരിഗണിച്ച് രാഷ്ട്രത്തിന് സമർപ്പിക്കുന്ന നടപടി സ്വീകരിക്കും.

<u>ശ്രീ. സി. ടി അഹമ്മദ് അലി</u> : കേരളത്തിലെ വ്യാവസായിക പ്രതിസന്ധികൾക്കു പ്രധാന കാരണം കൂലി നിരക്കിലുള്ള വ്യത്യാസമാണ്. അയൽ സംസ്ഥാനങ്ങളിൽ കൂലിയും മറ്റ് ആനുകൂല്യങ്ങളും കുറവാണ് നമ്മുടെ സംസ്ഥാനത്ത് ന്യായമായ കൂലിയും ആനുകൂല്യങ്ങളും നൽകുന്ന സാഹചര്യത്തിൽ ഉല്പാദനച്ചെലവ് കൂടുന്നു. മാർക്കറ്റിൽ മൽസരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പ്രതിസന്ധികൾ നേരിടുകയാണ്. ഈ സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളിലെ തൊഴിൽ വകുപ്പുമന്ത്രിമാരും വ്യവസായ വകുപ്പുമന്ത്രിമാരും അടിയന്തിരമായി യോഗം ചേർന്നുകൊണ്ട് കൂലി നിരക്കിൽ ഒരു ഏകീകരണം ഉണ്ടാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : ഗവൺമെന്റ് പരിഗണിക്കും.

<u>ശ്രീ. എ. സുജനപാൽ</u> : കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചുവരുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം വേണ്ടത്ര പുരോഗമിക്കുന്നില്ല എന്ന ഒരു ആക്ഷേപം ഉണ്ട്. അവിടെ തുടങ്ങിയിട്ടുള്ള പല യൂണിറ്റുകളും നിർത്തലാക്കുകയും ചെയ്തു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് അടുത്തുള്ള ഒരു സ്ഥലത്താണ് കേരള സോപ്സ് ആന്റ് ഓയിൽസ് സ്ഥിതി ചെയ്യുന്നത്. അത് അടച്ചുപൂട്ടിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളായി. കേരളാ സോപ്സ് ആന്റ് ഓയിൽസിന് ഏതാണ്ട് പത്തേക്കറോളം ഭൂമി ആ പ്രദേശത്തുതന്നെയുണ്ട്. അതുമായി ബന്ധപ്പെടുത്തി നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റും കേരള സോപ്സിന്റെ കൈവശമുള്ള സ്ഥലവും സംയുക്തമായി ചേർത്തുകൊണ്ട് ഒരു പുതിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോഴിക്കോട് നഗരത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് തുടങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ, അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : വ്യവസായങ്ങളെ സംബന്ധിച്ച് കോഴിക്കോട് എം.എൽ.എ മാരും അതുപോലെ മറ്റു ജനകീയ നേതാക്കളും ഇങ്ങനെയൊരു നിവേദനം നൽകിയിട്ടുണ്ട്. കേരള സോപ്സ് ആന്റ് ഓയിൽസ് വളരെ വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. അത് പുനരുദ്ധരിക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം വളരെ സംശയമാണ്. അതിൽത്തന്നെ ഉള്ള ഷാർക്ക് ലിവർ ഓയിലിന്റെ പ്രവർത്തനം നടത്തണമെന്നാണ് എം. എൽ. എ.-മാർ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതെല്ലാം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിൽ ഉണ്ട്.

ശ്രീ. യു. സി. രാമൻ : പതിനായിരക്കണക്കിന് ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുകൊണ്ടിരുന്ന മാവൂർ ഗ്വാളിയാർ റയോൺസ് എന്റെ മണ്ഡലത്തിലാണ്. മാവൂർ ഗ്വാളിയാർ റയോൺസ് അടച്ചുപൂട്ടി ആ പ്രദേശം കാടു പിടിക്കാൻ തുടങ്ങിയിട്ട് വർഷം ആറുകഴിഞ്ഞു. ഞാൻ സൂചിപ്പിക്കുന്നത് ഈ സ്ഥലം ബിർള മാനേജ്മെന്റിന് സംസ്ഥാന സർക്കാർ സൗജന്യവിലയ്ക്ക് നൽകിയിട്ടുണ്ട്. ഈ സ്ഥലം തിരിച്ചുപിടിച്ച് അവിടെ പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ആവശ്യമായ നീക്കം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബിർള മാനേജുമെന്റുമായിട്ടുള്ള എഗ്രിമെന്റ് എന്താണെന്ന് പഠിച്ചതിനുശേഷം മാത്രമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളു.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ട്രാവൻകൂർ കെമിക്കൽസ് ആന്റ് ഷുഗേഴ്സ് എന്നു പറയുന്ന ഒരു പൊതുമേഖലാസ്ഥാപനം സ്ഥിതിചെയ്യുന്നു. പക്ഷേ ഇന്ന് അത് അടച്ചുപൂട്ടിയ നിലയിൽ ആണ്. നൂറോളം ഏക്കർ ഭൂമി തരിശ്ശായി കിടക്കുകയാണ്. അവിടെ ഇന്ന് പ്രവർത്തിക്കുന്നത് ബിവറേജസ് കോർപ്പറേഷന്റെ ഒരു ചെറിയ യൂണിറ്റ് മാത്രമാണ്. ആ സ്ഥലം ഇൻഡസ്ട്രീസ് വകുപ്പിന്റെ കീഴിൽ ഏറ്റെടുത്ത് എന്തെങ്കിലും ഇൻഡസ്ട്രി കിൻഫ്രയുടെ സഹായത്തോടെ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; അവിടുത്തെ ജനങ്ങൾ മുഴുവൻ ഈ ആവശ്യം മുന്നോട്ടുവച്ചിരിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ആ സ്ഥലം ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആക്കി മാറ്റാൻ സാധിക്കും. പക്ഷേ പുതിയ വ്യവസായം തുടങ്ങുന്നതിനെപ്പറ്റി ഉറപ്പുനൽകാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[28-2-2005-ലെ നക്ഷത്രചിഹ്നമിട്ട 1 (*230)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

2001 മേയ് മുതൽ കിൻഫ്ര നടപ്പിലാക്കിവരുന്ന വ്യവസായ പാർക്കുകളെ സംബന്ധിച്ച വിവരം

1. ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ (30 ഏക്കർ).
2. ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട (36 ഏക്കർ).
3. ചെറുകിട വ്യവസായ പാർക്ക്, കൽപ്പറ്റ, വയനാട് 50 ഏക്കർ—(രണ്ടാംഘട്ടം).
4. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, നെല്ലാട്, എറണാകുളം (65 ഏക്കർ)—ഭക്ഷ്യ സംസ്ക്കരണം---(രണ്ടാംഘട്ടം).
5. ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ (83 ഏക്കർ).
6. ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ (126 ഏക്കർ).
7. കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം 45 ഏക്കർ—(രണ്ടാംഘട്ടം).
8. കിൻഫ്ര ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം-ആനിമേഷൻ സെന്റർ-75 ഏക്കർ—(രണ്ടാംഘട്ടം).
9. ബയോടെക്നോളജി പാർക്ക്, കളമശ്ശേരി (50 ഏക്കർ).
10. കാക്കാഞ്ചേരി ഭക്ഷ്യസംസ്ക്കരണ പാർക്ക് 70 ഏക്കർ---(രണ്ടാംഘട്ടം).

LIBRARY ARCHIVES Kerala Legislative Assembly